# 37

# പരീശന്മാരുമായുള്ള എതിർപ്പ്

## (15:1- 20)

യേശുവിനോടും അവന്റെ ശുശ്രൂഷയോടുമുള്ള ആളുകളുടെ വിവിധ പ്രതികരണങ്ങളെ തുടർന്നും എടുത്തു കാണിക്കുകയാണ് അദ്ധ്യായം 15-ൽ. യേശുവിലും അവന്റെ ശിഷ്യന്മാരിലും, പരീശന്മാർ തങ്ങളുടെ മനുഷ്യ - നിർമ്മിത പാരമ്പര്യം അടിച്ചേൽപ്പിക്കുവാൻ ശ്രമിച്ചതാണ് എതിർപ്പിനു കാരണമായത് (15:1-20). അപ്പോൾ അവൻ ഫൊയിനിക്യാ തീരത്തേക്ക് വാങ്ങി പോകുകയും, അവിടെ ജാതിയിൽപെട്ട ഒരു സ്ത്രീയുടെ മകളെ സൗഖ്യമാക്കുകയും ചെയ്തു. ഉതിർന്നു പോകാത്ത അവളുടെ വലിയ വിശ്വാസത്തെ യേശു പുകഴ്ത്തുകയുണ്ടായി (15:21-28). പുരുഷാരത്തിനിടയിൽ യേശു ചെയ്ത അത്ഭുതങ്ങളോടുകൂടിയാണ് അദ്ധ്യായം അവസാനിപ്പിക്കുന്നത് (15:29-39). അവൻ അവരുടെ രോഗികളെ സൗഖ്യമാക്കിയപ്പോൾ, അവർ യിസ്രായേലിന്റെ ദൈവത്തെ പുകഴ്ത്തി. മനസലിവു നിമിത്തം തന്നെ അനുഗമിച്ച പുരുഷാരത്തിനു അവൻ ഭക്ഷണം നൽകി, നാലായിരം പേരടങ്ങുന്ന ഒരു സംഘത്തെ അവൻ പോഷിപ്പിച്ചു.

### മനുഷ്യ-നിർമ്മിത പാരമ്പര്യങ്ങൾ ദൈവനിയമത്തിനെതിര് (15:1-9)

**1അനന്തരം യെരുശലേമിൽനിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു. 2"നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നത് എന്ത്? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ" എന്നു പറഞ്ഞു. 3അവൻ അവരോട് ഉത്തരം പറഞ്ഞത്, "നിങ്ങളുടെ സമ്പ്രദായം കൊണ്ട് നിങ്ങൾ ദൈവകൽപന ലംഘിക്കുന്നത് എന്ത്? 4അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കൽപിച്ചുവല്ലോ. 5നിങ്ങളോ ഒരുത്തൻ അപ്പനോട് എങ്കിലും അമ്മയോട് എങ്കിലും നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നർത്ഥമുള്ള കൊർബാൻ എന്നു പറഞ്ഞാൽ 6അവൻ അപ്പനെ ബഹുമാനിക്കേണ്ടാ" എന്നു പറയുന്നു; "ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു." 7"കപടഭക്തിക്കാരേ, നിങ്ങളെ കുറിച്ച് യെശയ്യാവ്:**

**8'ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു.**
**എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു.**
**9മാനുഷകൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട്**
**എന്നെ വ്യർത്ഥമായി ഭജിക്കുന്നു.' "**

**വാക്യം 1. യേശുവിന്റെ** ശ്രുതി വ്യാപിച്ചുകൊണ്ടിരുന്നു, ഗലീലയിലെ അന്തിപ്പാസിന്റെ ശ്രദ്ധയെ മാത്രമല്ല അവൻ ആകർഷിച്ചത് (14:1, 2), **യെരുശ**

**ലേമിലെ** യെഹൂദാദ്ധ്യക്ഷന്മാരുടെ ശ്രദ്ധയും അവൻ പിടിച്ചു പറ്റി. അവന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ യെരുശലേമിലുള്ളവർ യേശുവിനെ പിൻപറ്റിക്കൊണ്ടിരുന്നു (4:25). അപ്പോഴേക്ക്, അവൻ ചുരുങ്ങിയത് രണ്ട് പ്രാവശ്യമെങ്കിലും വിശുദ്ധനഗരം സന്ദർശിച്ചിരുന്നു (യോഹ. 2:13; 5:1).

പാലസ്തീനിലെ യേശുവിന്റെ ചലനങ്ങൾ അന്വേഷിക്കുവാൻ യെരൂശലേമിലെ അദ്ധ്യക്ഷന്മാർ പ്രമാണിമാരെ അയച്ചിരുന്നു (യോഹ. 1:19–28). മുൻപ്, ശബ്ബത്ത് ലംഘിക്കുകയും ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചു കൊണ്ട് ഗലീലയിലെ അദ്ധ്യക്ഷന്മാരെ അവൻ ജ്വലിപ്പിച്ചിരുന്നു (9:11, 34; 12:2, 14). തന്റെ അടുക്കൽ കൊണ്ടുവന്ന ഒരാൾക്ക് അവൻ പാപം മോചിച്ചുകൊടുത്തുകൊണ്ട് യേശു അവരുടെ എതിർപ്പ് സമ്പാദിച്ചിരുന്നു (9:2, 3). അതുകൊണ്ട്, യേശുവിന്റെ ഉപദേശം അവർക്ക് ഭീഷണി ആയതിനാൽ, അവനെ അവമതിപ്പെടുത്തുവാൻ യെരുശലേമിലെ അദ്ധ്യക്ഷന്മാർ ചിലരെ ഗലീലയിലേക്ക് അയച്ചിരുന്നു. മർക്കൊസ് പറഞ്ഞതനുസരിച്ച്, മുൻപ് ഒരു എതിർപ്പ് ഉണ്ടായപ്പോൾ - യേശു ഭൂതങ്ങളുടെ തലവനായ ബെയെൽസെബൂലിനെ കൊണ്ട് ഭൂതങ്ങളെ പുറത്താക്കി എന്നാണ് ആരോപിച്ചത് - അനിശ്ചിതത്വം ആരംഭിച്ചത് യെരുശലേമിൽനിന്നാണ് (മർ. 3:22; മത്താ 9:34; 12:24). യെഹൂദ പ്രമാണിമാർ മുൻപ് ചെയ്തതിനേക്കാൾ വിജയകരമാകും എന്ന് അവർ വിചാരിച്ചുകാണും എന്നതിൽ സംശയമില്ല.

യെരുശലേമിൽനിന്നു പോയവരിൽ ചിലർ **ശാസ്ത്രിമാരായിരുന്നു**. പഴയനിയമ തിരുവെഴുത്തുകളും മറ്റു പ്രധാനപ്പെട്ട രേഖകളും പകർത്തിയെഴുതിയത് അവരായിരുന്നു. പഴയനിയമ വേദഭാഗങ്ങൾ അവർക്ക് സുപരിചിതമായതിനാൽ, അവർ തിരുവെഴുത്തു വ്യാഖ്യാതാക്കളായി (2:4; 5:20; 7:29). അവരെ "ന്യായശാസ്ത്രിമാർ" എന്നും (22:35), "ന്യായപ്രമാണ ഉപദേഷ്ടാക്കന്മാർ" എന്നും വിളിച്ചിരുന്നു (ലൂക്കൊ. 5:17). അവരുടെ ജോലിയുടെ മാന്യതയനുസരിച്ച്, അവർക്ക് ന്യായപ്രമാണത്തെ കുറിച്ച് അറിവുള്ളവരായി കരുതപ്പെട്ടിരുന്നു.

**പരീശന്മാർ** ("വേർപെട്ടവർ") യെഹൂദന്മാരിൽ വലിയ കൂട്ടം ആളുകളായിരുന്നു. അവർ അക്കാലത്തെ നിയമപാലകരായിരുന്നു (23:1–10) , വാമൊഴിയായ പാരമ്പര്യവും എഴുതപ്പെട്ട ന്യായപ്രമാണവും അവർ മുറുകെ പിടിച്ചിരുന്നു. അവർ ആന്റിയോക്കസ് എപിഫാനസിന്റെ കാലത്ത് യെഹൂദന്മാർക്കിടയിൽ ഗ്രീക്ക് സംസ്ക്കാരം നിലനിർത്തുവാൻ പരിശ്രമിച്ചിരുന്നു.[1] സൂദൂക്യരിൽനിന്നു വ്യത്യസ്തരായി അവർ പുനരുത്ഥാനത്തെ കുറിച്ചുള്ള ഉപദേശങ്ങളും, ആത്മാവിന്റെ അമർത്യതയും മുറുകെ പിടിച്ചിരുന്നു. ഭാവിപ്രതിഫലവും ന്യായവിധിയും ഉള്ളതായി അവർ വിശ്വസിച്ചിരുന്നു (പ്രവൃ. 23:8; 3:7 ന്റെ പരാമർശം നോക്കുക). എല്ലാ പരീശന്മാരും ശാസ്ത്രിമാരായിരുന്നില്ല, എന്നാൽ ഭൂരിഭാഗം ശാസ്ത്രിമാരും പരീശ സംഘത്തിൽ പെട്ടവരായിരുന്നു.[2]

**വാക്യം 2**. ശാസ്ത്രിമാരുടേയും പരീശന്മാരുടേയും പ്രശ്നം വിവരം അറിയുവാനുള്ള ചോദ്യത്തേക്കാളുപരി കുറ്റാരോപണമായിരുന്നു. വേറൊരു സമയത്ത് ഒരു പരീശനു ആഹാരത്തിനു മുൻപ് ആചാരപരമായി യേശു കൈ കഴുകാതിരുന്നപ്പോൾ അതിശയം തോന്നി (ലൂക്കൊ. 11:38).

**ശിഷ്യന്മാരെ** കുറിച്ചുള്ള ഉത്തരവാദിത്വം റബ്ബിമാർക്ക് ആകയാൽ, ശിഷ്യന്മാരുടെ പ്രവൃത്തികൾക്ക് യേശുവിനെ അവർ കുറ്റപ്പെടുത്തി (9:14; 12:2). യേശു പഠിപ്പിച്ച മാതൃകയനുസരിച്ചായിരുന്നു അവന്റെ ശിഷ്യന്മാർ ചെയ്തത് എന്ന കാര്യത്തിൽ സംശയമില്ല. അവരുടെ പ്രവൃത്തികൾ വളരെ–കാലമായി നിലനി

ന്ന പാരമ്പര്യമനുസരിച്ചായിരുന്നില്ല, മറിച്ച്, യേശു അവരെ പഠിപ്പിച്ചതനുസരിച്ച്, അവർ ചിന്തിക്കാതെ ബലഹീനതോടെ ആയിരുന്നില്ല എന്നതാണ് ശരി. ഉപേക്ഷിക്കുന്നതായിട്ടല്ല അവർ ചെയ്ത പ്രവൃത്തി മറിച്ച് തത്വപ്രകാരമായിരുന്നു. ചുരുങ്ങിയത്, ഇങ്ങനെയായിരുന്നു പരീശൻ അതിനെ വിവേചിക്കേണ്ടിയിരുന്നത്.[3]

പരീശന്മാരും ശാസ്ത്രിമാരും തങ്ങളുടെ അഭിപ്രായ നിലവാരമായി **മൂപ്പന്മാരുടെ പാരമ്പര്യത്തെയാണ്** എടുത്തിരുന്നത്. “പാരമ്പര്യം” (*പാരാഡോസിസ്*) എന്നത് “കൈമാറി വന്നത്,” അല്ലെങ്കിൽ “വിട്ടു കിട്ടിയത്” എന്നാണ്. “മൂപ്പന്മാരുടെ സമ്പ്രദായം” കൊണ്ടുദ്ദേശിക്കുന്നത് തലമുറകൾ തലമുറകളായി കൈമാറി കിട്ടിയ തിരുവെഴുത്തു വ്യാഖ്യാനങ്ങളാണ്. തന്റെ പരിവർത്തനത്തിനു മുൻപ് പൗലൊസ് ഒരു പരീശനായിട്ടാണ് വളർത്തപ്പെട്ടത്. [അവന്റെ] “പിതാക്കന്മാരുടെ സമ്പ്രദായങ്ങളിൽ” അവനു എരിവുമുണ്ടായിരുന്നു (ഗലാ. 1:14; എൻഐവി).

ബാബേൽ പ്രവാസത്തിനു ശേഷം, യെഹൂദ ഉപദേഷ്ടാക്കന്മാർ ആളുകളുടെ ദൈനന്തിന ജീവിതത്തിനു ആവശ്യമെന്ന് തോന്നുന്ന പല സൂക്ഷ്മതയുള്ള നിയമാവലികളും സ്ഥാപിച്ചിരുന്നു. ന്യായപ്രമാണത്തെ കൂടുതൽ വിശദമാക്കുന്ന വിധത്തിലായിരുന്നു ആ നിയമങ്ങൾ. തങ്ങളുടെ അധഃപതന കാലത്ത് അവർ ചെയ്ത പാപങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതിനു കൂടെയായിരുന്നു അവ. “ന്യായപ്രമാണത്തിനു ചുറ്റും ഒരു വേലി പോലെ” ആയിരുന്നു അത്.[4] വാമൊഴിയായി നൂറ്റാണ്ടുകളായി കൈമാറിയ നിയമങ്ങൾ, ക്രമേണ മിഷ്നായിൽ അവർ രേഖപ്പെടുത്തി. വാമൊഴിയായി ഈ നിയമങ്ങൾ ആദ്യം മോശെക്ക് സിനായ് പർവ്വതത്തിൽ വെച്ചു ലഭിച്ചതാണെന്നും യിസ്രായേലിലെ മൂപ്പന്മാർ അതു കൈമാറി തന്നതാണെന്നുമാണ് റബ്ബിമാർ അവകാശപ്പെട്ടിരുന്നത്.[5]

എന്നിരുന്നാലും, എല്ലാ യെഹൂദന്മാരും ഈ പാരമ്പര്യത്തെ സ്വീകരിച്ചിരുന്നില്ല. എഴുതപ്പെട്ട മോശെയുടെ ന്യായപ്രമാണം പോലെ തന്നെ കെട്ടപ്പെട്ടതാണ് അവരുടെ പാരമ്പര്യ ഉപദേശങ്ങളും എന്നായിരുന്നു ഭൂരിഭാഗം പരീശന്മാരും ശാസ്ത്രിമാരും വിശ്വസിച്ചിരുന്നത്. എങ്ങനെയായാലും, സദൂക്യർ പാരമ്പര്യത്തെ തള്ളിക്കളഞ്ഞിരുന്നു, “ദേശത്തിലെ സാധാരണ ജനങ്ങളിൽ” ചിലർ, അവയെ സ്വീകരിച്ചിരുന്നില്ല.[6] ജോസെഫസ് എഴുതി,

> മുൻ തലമുറകളിലെ പിതാക്കന്മാരിൽനിന്നു കൈമാറി കിട്ടിയ അനേകം ആചാരങ്ങൾ പരീശന്മാർ ജനങ്ങൾക്ക് നൽകിയിരുന്നു, അവ മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയതല്ലായിരുന്നു, അക്കാരണത്താൽ, സദൂക്യർ അവയെ തള്ളിക്കഞ്ഞു, *പൂർവ്വപിതാക്കന്മാരിൽ*നിന്നു ലഭിച്ചതല്ല, എഴുതപ്പെട്ട *പ്രമാണങ്ങൾ അനുസരിക്കുവാനാണ് തങ്ങൾ* കടപ്പെട്ടിരിക്കുന്നത് എന്നായിരുന്നു അവരുടെ വാദം. അവയെ കുറിച്ച് പല തർക്കങ്ങളും വ്യത്യാസങ്ങളും അവർക്കിടയിൽ ഉടലെടുത്തു. സദൂക്യർക്ക് ധനവാന്മാരുടെ പിന്തുണയുണ്ടായിരുന്നു ... എന്നാൽ പരീശന്മാർക്ക് പുരുഷാരം അവരുടെ വശത്തുണ്ടായിരുന്നു.[7]

കുറെ കഴിഞ്ഞപ്പോൾ, ആ ആളുകൾ-ഉണ്ടാക്കിയ പാരമ്പര്യങ്ങൾക്ക് ദൈവവചനത്തേക്കാൾ മുൻതൂക്കം നൽകി. പിന്നീട് എഴുതപ്പെട്ട പ്രമാണത്തേക്കാൾ

പ്രാധാന്യം വാമൊഴിയായി കിട്ടിയ സമ്പ്രദായങ്ങൾക്ക് നൽകി.[8]

കർത്താവിന്റെ ശിഷ്യന്മാരെ അവർ കുറ്റപ്പെടുത്തിയപ്പോൾ, എഴുതപ്പെട്ട നിയമമല്ല, മറിച്ച് സമ്പ്രദായമാണ് ലംഘിച്ചത് എന്ന കാര്യം ശാസ്ത്രിമാരും പരീശന്മാരും മറച്ചു വെച്ചില്ല. അവന്റെ ശിഷ്യന്മാർ **കൈ കഴു [കാതെ]** ഭക്ഷിച്ചതിനാണ് പരീശന്മാർ അവരെ വിമർശിച്ചത്. വ്യക്തിപരമായ വൃത്തിയെ ഉദ്ദേശിച്ചായിരുന്നില്ല ആരോപണം. പകരം അത് ആരംഭിച്ചത് ആഘോഷപരമായ ശുദ്ധീകരണത്തിൽനിന്നാണ്. താഴെ കൊടുത്തിരിക്കുന്ന വിധത്തിലായിരുന്നു കർത്താവിന്റെ വിമർശകർ ആരോപിച്ചത്: ഒരാൾക്ക് ഒരു ദിവസം അശുദ്ധമായത് സ്പർശിക്കുവാനുള്ള സമയമുണ്ടായിരുന്നു. അപ്പോൾ, അങ്ങനെ തന്നെ **ആഹാരം** കഴിക്കുമ്പോൾ, അയാളുടെ ശരീരം മുഴുവൻ അശുദ്ധമാകും. അത്തരം അശുദ്ധി ഒഴിവാക്കുവാനായി അയാൾ ആഹാരത്തിന് മുൻപ് കൈ കഴുകണമായിരുന്നു (മർ. 7:3, 4).[9]

മിഷ്നായിലും *യാദെയിമിലും* ("കൈകൾ") കൈ കഴുകലിനെ കുറിച്ച് വളരെ പറയുന്നതു വിഷയത്തിന്റെ പ്രാധാന്യത്തെ എടുത്തു കാണിക്കുന്നു. കൈകൾ അശുദ്ധമാക്കുന്ന സാധനങ്ങളെ പറയുന്നു, കഴുകുന്നതിന് ഏതെല്ലാം പാത്രങ്ങൾ ഉപയോഗിക്കാം, ശുദ്ധീകരണ വെള്ളം എത്രമാത്രം എടുക്കണം, ശരിയായ കഴുകൽ എങ്ങനെ എന്നും പറയുന്നു. ഉദാഹരണത്തിന്, കൈകൾ കഴുകുമ്പോൾ, വിരലുകൾ മുകളിലേക്ക് നിവർത്തി പിടിച്ച്, വെള്ളം വിരലുകളിൽനിന്നു കൈമുട്ടുകളിലേക്കു ഒഴുക്കണം. അതിനുശേഷം വിരലുകൾ താഴ്ത്തി പിടിച്ച് വെള്ളം ഒഴിക്കണം.[10]

ശാസ്ത്രിമാരും പരീശന്മാരും നിയമാവലികൾ രൂപപ്പെടുത്തിയിരിക്കുന്നത് യിസ്രായേലിലെ പുരോഹിതന്മാർക്കും അതു വഴി സാധാരണ ജനങ്ങൾക്കും യോജിക്കുന്ന വിധത്തിലാണ്. പുറപ്പാട് 30:17–21 അനുസരിച്ച്, പുരോഹിതന്മാർ തങ്ങളുടെ യാഗ ചടങ്ങുകൾ ചെയ്യുന്നതിനു മുൻപ് അവരുടെ കൈകാലുകൾ പിച്ചള പാത്രത്തിൽ കഴുകണമായിരുന്നു. "ദൈവാലയ യാഗ പീഠത്തിൽ ദഹന യാഗം അർപ്പിക്കുന്നതുപോലെയാണ്"[11] സാധാരണ ജനങ്ങൾ ദിവസവും ആഹാരത്തിനു മുൻപ് അവരുടെ കൈകൾ കഴുകുന്നത് എന്ന വിശ്വാസമായിരുന്നു പരീശന്മാർക്ക് ഉണ്ടായിരുന്നത്. ഈ പരിശീലനവും, ഇതുപോലെയുള്ള മറ്റു പലതും, ദൈവമുൻപാകെ അവരുടെ വിശുദ്ധി സൂക്ഷിക്കുന്നതിനാണെന്ന് കണക്കാക്കിയിരുന്നു.

**വാക്യം 3**. യെഹൂദ പാരമ്പര്യം, സിനായ് പർവ്വതത്തിൽ വെച്ച് മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണവുമായി ബന്ധപ്പെട്ടതായിരുന്നുവെങ്കിലും, അത് ആധികാരികമായി യേശു കണ്ടില്ല. എങ്ങനെയായാലും, അവരുടെ ആഘോഷപരമായ കഴുകലിനോട് തർക്കിക്കുവാൻ പോയില്ല, പകരം അവന്റേതായ ഒരു ആരോപണം ഉന്നയിച്ചു. നല്ല റബ്ബിയെ പോലെ, അവരുടെ ചോദ്യത്തിന് യേശു മറ്റൊരു ചോദ്യംകൊണ്ടാണ് ഉത്തരം നൽകിയത്. "**നിങ്ങൾ നിങ്ങളുടെ സമ്പ്രദായങ്ങൾ കൊണ്ട് ദൈവ കൽപനകളെ ലംഘിക്കുന്നത് എന്ത്?**" "നിങ്ങൾ തന്നെ" എന്ന ഗ്രീക്ക് പ്രയോഗത്താൽ തർജിമയിൽ ഊന്നൽ സ്വഭാവം കാണാം; യേശു പരീശന്മാരിലേക്ക് തിരിച്ച് വിരൽ ചൂണ്ടി. ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുമ്പോൾ, പരീശന്മാർ ദൈവ കൽപനയെയാണ് ലംഘിച്ചുവന്നത്! അതിലുപരിയായി, അവർ ദൈവത്തിന്റെ എഴുതപ്പെട്ട പ്രമാണത്തേക്കാൾ പ്രാധാന്യം, വാമൊഴിയായി കിട്ടിയ പാരമ്പര്യത്തിനായിരുന്നു കൊടുത്തിരുന്നത്.

**വാക്യം 4**. തന്റെ പോയിന്റ് കൂടുതൽ വ്യക്തമാക്കുവാൻ, അവരുടെ പരിശീലനത്തെ ഒരു ചിത്രീകരണത്താൽ അവതരിപ്പിക്കുകയായിരുന്നു. അവർ ദൈവത്തിന്റെ അഞ്ചാമത്തെ കൽപന ലംഘിക്കുകയായിരുന്നു, അതിൽ പറഞ്ഞിരിക്കുന്നത്, ‘‘**നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക**” (പുറ. 20:12; മത്താ. 19:19; എഫെ. 6:2). ഈ കൽപനയോട്, യേശു മറ്റൊന്നു കൂട്ടിച്ചേർത്തു, അതിൽ അപ്പനെയും അമ്മയെയും ബഹുമാനിച്ചില്ലെങ്കിലുള്ള പിഴയെ കുറിച്ചു പറയുന്നു: **“തന്റെ അപ്പനെയോ അമ്മയെയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം”** (പുറ. 21:17; ലേവ്യ. 20:9).

“ബഹുമാനിക്ക” എന്ന പഴയനിയമ കൽപന പ്രത്യേകമായി വിശദമാക്കുന്നില്ല. എങ്ങനെയായാലും, അതിൽ തീർച്ചയായും സാമ്പത്തിക സഹായവും ഉൾപ്പെടുന്നു (1 തിമൊ. 5:4). ക്രിസ്തുവിന്റെ കാലത്ത് സാമൂഹ്യസുരക്ഷാ സംവിധാനം ഒന്നുമില്ലായിരുന്നു. അപ്പനും അമ്മയും പ്രായമായി അവർക്ക് അദ്ധ്വാനിപ്പാൻ കഴിയാതെ വരുമ്പോൾ, മക്കളാണ് അവരെ സംരക്ഷിക്കേണ്ടത്. ഒരു മകന്റെ കടമയാണ് അപ്പന് ആഹാരവും, പാനിയവും, വസ്ത്രവും, അകത്തേക്കും പുറത്തേക്കും കൊണ്ടുപേകേണ്ടതും, കൈകാലുകൾ കഴുകി കുളിപ്പിക്കേണ്ടതും എന്നാണ് റബ്ബിമാരുടെ പാരമ്പര്യം പറയുന്നത്.[12] അപ്പനെ സംരക്ഷിക്കുവാൻ, യാചിക്കേണ്ടി വന്നാലും മകൻ അതു ചെയ്യണം എന്നാണ് മറ്റൊരു പാരമ്പര്യം പറയുന്നത്.[13] വാക്യങ്ങൾ 5 ലും 6 ലും, കർത്താവ് പറയുന്നത്, ‘‘അപ്പനെയും അമ്മയെയും ബഹുമാനിക്ക” എന്നതിൽ സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നതോടുകൂടി സാമ്പത്തിക സഹായവും ചെയ്യേണ്ടത് ആവശ്യമാണെന്ന് കർത്താവ് വ്യക്തമാക്കിയിരിക്കുന്നു.

**വാക്യങ്ങൾ 5, 6**. വാക്യം 4-ൽ ‘‘ദൈവം പറഞ്ഞു,’’ എന്നതിൽനിന്നു വ്യത്യസ്തമായാണ് **എന്നാൽ നിങ്ങൾ പറയുന്നു** എന്ന പ്രയോഗം. ആ മൂന്നു വാക്കുകളിൽ, പരീശന്മാർ ദൈവത്തോട് നേരിട്ട് എതിർക്കുന്നതായിട്ടാണ് യേശു പറയുന്നത്. ദൈവം കൽപിച്ചത്, “നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക,” എന്നത് അവരുടെ പ്രതിജ്ഞയുമായി ബന്ധപ്പെടുത്തി, പരീശന്മാർ നിയമമുണ്ടാക്കി, ‘‘**നിന്റെ അപ്പനെയും അമ്മയേയും ബഹുമാനി**_**ക്കേണ്ട**_” എന്നു പറയുന്നു (എംഫസിസ് ആഡഡ്.)

തന്റെ മാതാപിതാക്കളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വത്തിൽനിന്നു ഒഴിഞ്ഞു മാറുവാനായി അനുസരണമില്ലാത്ത യെഹൂദൻ ആണയിടും, **“നിന്നെ സഹായിക്കുവാൻ എനിക്കുള്ളതെല്ലാം ഞാൻ ദൈവത്തിന് നൽകിയിരിക്കുന്നു.”** ഗ്രീക്ക് വേദപുസ്തകത്തിൽ നാമം ആയ “ദാനം” (*ഡോറോൻ*) എന്നു പറയുന്നത് ദൈവാലയത്തിൽ സമർപ്പിക്കുന്ന നേർച്ചയും കാഴ്ച്ചകളുമാണ് (5:23, 24; 8:4; 23:18, 19; ലൂക്കൊ. 21:1, 4). മർക്കൊസിൽ, ഡോറോൻ എന്ന വാക്കോടുകൂടെ (കൊർബാൻ) എന്ന വാക്കും ഉപയോഗിച്ചിരിക്കുന്നു (മർ. 7:11). ആ സാങ്കേതിക വാക്ക് എബ്രായഭാഷയിൽനിന്നു ഗ്രീക്കിലേക്ക് ലിപി മാറ്റിയതാണ് (പിന്നെ ഇംഗ്ലീഷിലേക്കും), അർത്ഥം, ദൈവത്തിന് എന്തെങ്കിലും ദാനമായി നൽകാമെന്ന് പ്രതിജ്ഞ ചെയ്യുക. “ദൈവാലയ ഭണ്ഡാരം” എന്നതിന് ഉപയോഗിച്ചിരിക്കുന്ന നാമമാണ് *കൊർബാനാസ്* (27:6).

യെഹൂദന്മാർ പലപ്പോഴും, ചില സമ്പാദ്യങ്ങളെ “കൊർബാൻ” ആയി നിർണ്ണയിച്ചിരുന്നു. എങ്ങനെയായാലും, ദൈവാലയ ഭണ്ഡാരത്തിന്മേൽ പലപ്പോഴും ആ കാര്യങ്ങൾ നൽകിയിരുന്നില്ല - ചുരുങ്ങിയത് ഉടമസ്ഥന്റെ ആയുഷ്ക്കാലത്ത്. ഐഹികമായ ഉദ്ദേശങ്ങൾക്ക് ഉപയോഗിക്കരുത് എന്നു

വിലക്കിയിരുന്നു, അപ്പനെയും അമ്മയെയും സംരക്ഷിക്കുന്ന കാര്യത്തിലായാലും അതായിരുന്നു ക്രമം. ഇപ്പോഴത്തെ ഈ കാര്യത്തിൽ (കോപത്താൽ) അപ്പനെയും അമ്മയെയും സഹായിക്കേണ്ടതായ സാമ്പത്തികം മനപ്പൂർവ്വമായി ദൈവത്തിന് സമർപ്പിക്കുകയാണ്. അത്തരം പ്രതിജ്ഞ എടുക്കുന്ന ഒരു മനുഷ്യന്റെ മാതൃക മിഷ്നായിൽ പറയുന്നു, അവൻ അപ്പന് ചെയ്യേണ്ടതായ സഹായം പിൻവലിക്കുകയാണ്.[14]

ആവശ്യമുള്ള തങ്ങളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനുള്ള (ദൈവം കൽപിക്കുന്നത്) പ്രതിജ്ഞ കെട്ടപ്പെട്ടതാകയാൽ (സംഖ്യ. 30:2; ആവ. 23:21–23), പ്രതിജ്ഞ ലംഘിക്കുന്നവരെ ഗൗരവതരമായ പാപം ചെയ്തതായി പരീശന്മാർ കുറ്റപ്പെടുത്തും (അതായത്, മാനുഷിക പാരമ്പര്യ പ്രതിജ്ഞകൾ).[15] കാലം കഴിഞ്ഞതോടെ ഇക്കാര്യത്തിലുള്ള ആളുകളുടെ ചിന്തക്കു മാറ്റം സംഭവിച്ചു.[16] ഒരു *കൊർബാൻ* പ്രതിജ്ഞ ലംഘിച്ചാൽ, അതായത് ഒരു വ്യക്തി തന്റെ അപ്പനെയും അമ്മയെയും സംരക്ഷിക്കാതിരുന്നാൽ പ്രതിജ്ഞ അസാധുവായി തീരും എന്നാണ് മിഷ്നാ അന്തർലീനമാക്കിയിരിക്കുന്നത്.[17]

**പരീശന്മാർ** തങ്ങളുടെ **സമ്പ്രദായത്താൽ, ദൈവകൽപനയെ ലംഘിക്കുന്നത്** എന്ത് എന്നാണ് യേശു ചോദിച്ചത്. "ലംഘിക്കുക" (*അകുരൂ*) ഒരു നിയമ വാക്കാണ്, അർത്ഥം, "വൃഥാവാക്കുക" എന്നാണ്. ഏബി യേശുവിന്റെ വാക്കുകൾ ഈ വിധത്തിലാണ് സമാന്തരമായി പ്രയോഗിച്ചിരിക്കുന്നത്: "ദൈവത്തിന്റെ വചനത്തെ മാറ്റി നിർത്തി – അതിന്റെ അധികാരത്തെയും ശക്തിയെയും അവർ നഷ്ടമാക്കി, അതിനു ഫലമില്ലാതാക്കിയിരിക്കുന്നു."

**വാക്യം 7.** ആ യെഹൂദ മതാദ്ധ്യക്ഷന്മാരെ കപടഭക്തിക്കാർ എന്നാണ് യേശു വിളിച്ചത് (6:2, 5 ന്റെ പരാമർശം നോക്കുക). അവർ ദൈവത്തിന്റെ പ്രമാണം മുറുകെ പിടിച്ചിരിക്കുന്നതായി നടിച്ചിരുന്നു, വാസ്തവത്തിൽ അവർ അതിനെതിരായിരുന്നു. കെട്ടപ്പെട്ടതായി അവർ പാരമ്പര്യ ആണയെ സ്വീകരിച്ചിരുന്നു, പക്ഷെ ആരംഭത്തിൽ അത് ദൈവമഹത്വത്തിനായി ഉദ്ദേശിച്ചതായിരുന്നു. എങ്ങനെയായാലും, പ്രതിജ്ഞയുടെ പേരിൽ മാതാപിതാക്കളെ സംരക്ഷിക്കാതിരുന്നത് സ്വാർത്ഥത മൂലമായിരുന്നു. അത്തരം പ്രതിജ്ഞ എടുത്തിരുന്ന പരീശന്മാർ, ദൈവത്തെയും അവന്റെ പ്രമാണത്തെയും അനാദരിക്കുകയാണ് ചെയ്തത്.

യെശയ്യാവ് 29:13 ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ മറുപടി അവസാനിപ്പിച്ചത്. ഒരു ശാസനയോടുകൂടിയാണ് അവൻ അത് ഉദ്ധരിച്ചത്: **"നിങ്ങളെ കുറിച്ച് യെശയ്യാവ് പ്രവചിച്ചത് ഒത്തിരിക്കുന്നു."** പ്രവാചകൻ ആ വാക്കുകൾ ആരംഭത്തിൽ ഉദ്ദേശിച്ചത് യിസ്രായേൽ ജനമായിരുന്നു എങ്കിലും, അവന്റെ ദൈവശ്വാസിയമായ വാക്കുകൾ, ഒന്നാം നൂറ്റാണ്ടിലെ യെഹൂദന്മാരെയും ബാധിക്കുന്നതായിരുന്നു (പ്രവൃ. 28:25–27) എന്നാണ് യേശു സൂചിപ്പിച്ചത്. വില്യം ഹെൻഡ്രിക്സൺ പറഞ്ഞു, "മറ്റു വാക്കുകളിൽ പറഞ്ഞാൽ, ചരിത്രം ആവർത്തിക്കുകയായിരുന്നു."[18]

**വാക്യം 8. "ഈ ജനം എന്നെ അധരം കൊണ്ടു ബഹുമാനിക്കുന്നു, എന്നാൽ അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു."** പഴയനിയമ വേദഭാഗം യേശു ഉപയോഗിച്ചപ്പോൾ, അവൻ ആ സംഭവത്തിലെ "ബഹുമാനം" എന്ന വാക്കാണ് പങ്കിട്ടത്. അവന്റെ ശിഷ്യന്മാർ പാരമ്പര്യത്തെ ബഹുമാനിക്കുന്നില്ല എന്നതായിരുന്നു ആരോപണം. അവരുടെ അപ്പനെയും അമ്മയെയും ബഹുമാനിക്കണമെന്നതിലേക്ക് യേശു അവരെ കൊണ്ടുപോയി.

മക്കൾ അപ്പനെയും അമ്മയെയും ബഹുമാനിക്കണം എന്നു ദൈവം കൽപി ച്ചിരുന്നു. ശാസ്ത്രിമാരും പരീശന്മാരും അപ്പനെയും അമ്മയെയും ബഹുമാ നിക്കുന്നു എന്ന നാട്യത്തോടെ അവർ പാരമ്പര്യത്തെയാണ് ബഹുമാനിച്ചിരു ന്നത് (15:4 നോക്കുക).[19] എല്ലാറ്റിലും ഉപരിയായി ഹൃദയപൂർവ്വം ദൈവത്തെ സ്നേഹിക്കുന്നതാണ് വാസ്തവത്തിലുള്ള മതം (ആവ. 6:5; മത്താ. 22:37, 38).

**വാക്യം 9. "മാനുഷകൽപനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്ന തുകൊണ്ട്, എന്നെ വ്യർത്ഥമായി ഭജിക്കുന്നു."** "വ്യർത്ഥമായി" (*മാറ്റെൻ*) "ശൂന്യമായ" അല്ലെങ്കിൽ "അവസാനമില്ലാത്ത." അതേ ഭാഷയിലാണ് വിഗ്രഹാ രാധനയെ പറഞ്ഞിരിക്കുന്നത് ("വ്യർത്ഥ കാര്യങ്ങൾ"; പ്രവൃ. 14:15). അതിനു പുറമെ, നാവിനെ കടിഞ്ഞാണിടാത്ത ക്രിസ്ത്യാനിയുടെ ഭക്തി "വ്യർത്ഥം" എന്നാണ് പറഞ്ഞിരിക്കുന്നത് (യാക്കൊ. 1:26).

ഈ വാക്യത്തിലെ ഭാഷ, ദൈവത്തിനു സമർപ്പിക്കുന്ന ഏതൊരു നമ സ്ക്കാരവും സ്വീകരിക്കും എന്ന തെറ്റിദ്ധാരണയെ ഈ വാക്യം എടുത്തു കാണിക്കുന്നുണ്ട്. ആത്മാർത്ഥ ഹൃദയത്തോടെ തന്നെ ആരാധിക്കുവാനാണ് ആളുകളിൽനിന്ന് ആരംഭം മുതൽ അവൻ ആവശ്യപ്പെടുന്നത് (ഉല്. 4:1–8).

ഈ സംഭവത്തിൽ, ദൈവ വചനത്തിനു പകരമായി മനുഷ്യ-നിർമ്മിത പാ രമ്പര്യം സ്വീകരിച്ച ശാസ്ത്രിമാരെയും പരീശന്മാരെയും യേശു ശാസിക്കു കയായിരുന്നു. സാധാരണ ജനത്തോട് അവർ പരിശീലിക്കുവാൻ പറഞ്ഞ അവരുടെ മതപരമായ പ്രവൃത്തികൾ വൃഥാവായിരുന്നു. ഗ്രീക്കിൽ, "ഉപദേ ശമായി പഠിപ്പിക്കുന്നത്" (*ഡിഡാസ്കോണെസ്*) എന്നതിൽ ഉൾപ്പെട്ടിരുന്നത് ആവർത്തനമായിരുന്നതിനാൽ, അക്ഷരികമായി തർജിമ ചെയ്തിരുന്നത് "ഉപ ദേശത്തെ ഉപദേശിക്കൽ" എന്നായിരുന്നു. പാരമ്പര്യം നിയമമായി തീരുവാനു ള്ള സാധ്യതയും ദൈവവചനത്തെ തടയുന്നതിനു സാധ്യതയും ഉണ്ടെങ്കിലും, എല്ലാ പാരമ്പര്യവും മോശമല്ല.

ഈ ഭാഗത്ത്, യേശു എല്ലാ പാരമ്പര്യത്തേയും അല്ല വിലക്കിയത്. നമ സ്ക്കരിക്കുവാൻ പള്ളിയിൽ പോകുന്നതും പെസഹാ അപ്പത്തിനു മുമ്പ് സ്തോത്രം പറയുന്നതും, ഹല്ലേലുയ്യാ എന്ന സങ്കീർത്തനം പാടുന്നതുമായ സമ്പ്രദായം അവനുണ്ടായിരുന്നു (113–118). എങ്ങനെയായാലും, അവൻ എതിർത്തത് പാരമ്പര്യത്തെ നിയമമാക്കുന്നതും, അത് ദൈവ വചനത്തിന് ബദലായി സ്വീകരിക്കുന്നതിനെയുമാണ്.[20]

## വാസ്തവത്തിലുള്ള അശുദ്ധി (15:10-20)

**10അവൻ പുരുഷാരത്തെ അരികെ വിളിച്ചു അവരോട് പറഞ്ഞത്, "കേട്ടു ഗ്രഹിച്ചുകൊൾവിൻ. 11മനുഷ്യന്നു അശുദ്ധി വരുത്തുന്നത് വായിക്കകത്ത് ചെല്ലുന്നത് അല്ല. വായിൽനിന്നു പുറപ്പെടുന്നതത്രെ. അത് അവനെ അശു ദ്ധമാക്കുന്നു."**

**12അപ്പോൾ ശിഷ്യന്മാർ അടുക്കെ വന്നു, "പരീശന്മാർ ഈ വാക്ക് കേട്ട് ഇടറി പോയി എന്നു അറിയുന്നുവോ എന്നു ചോദിച്ചു?" 13അതിന്നു അവൻ, "സ്വർഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പ റിഞ്ഞു പോകും. 14അവരെ വിടുവിൻ, അവർ കുരുടന്മാരായ വഴികാട്ടികൾ അത്രെ; കുരുടൻ കുരുടനെ വഴി നടത്തിയാൽ, ഇരുവരും കുഴിയിൽ വീഴും എന്നു ഉത്തരം പറഞ്ഞു."**

**[15]പത്രൊസ് അവനോട്, "ആ ഉപമ ഞങ്ങൾക്ക് തെളിയിച്ചു തരേണം എന്നു പറഞ്ഞു." [16]അതിന്നു അവൻ പറഞ്ഞത്, "നിങ്ങളും ഇന്നുവരെ ബോധമില്ലാത്തവരോ? [17]വായിക്കകത്തു കടക്കുന്നത് എല്ലാം വയറ്റിൽ ചെന്നിട്ട് മറപ്പുരയിൽ പോകുന്നു എന്നു ഗ്രഹിക്കുന്നില്ലയോ? [18]വായിൽനിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽനിന്നു വരുന്നു; അതു മനുഷ്യനെ അശുദ്ധമാക്കുന്നു. [19]എങ്ങനെയെന്നാൽ ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെട്ടു വരുന്നു. [20]മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രെ; കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല."**

മത്തായി യുടെ ഈ ഭാഗം (15:1–20), അവന്റെ സദസ് മാറിക്കൊണ്ടിരുന്നതിനാലാണ് പുരോഗമിച്ചത്. ആദ്യം, അവൻ യെഹൂദ മതാദ്ധ്യക്ഷന്മാരോട് മനുഷ്യ-നിർമ്മിത പാരമ്പര്യത്തെ കുറിച്ചു വാദിക്കുന്നു (15:1–9). പിന്നെ, അവൻ പുരുഷാരത്തോട്, വാസ്തവത്തിലുള്ള ആത്മിയ അശുദ്ധിയെ കുറിച്ചു സംസാരിച്ചു (15:10, 11). അവസാനം, അവൻ തന്റെ പ്രസ്താവന ശിഷ്യന്മാർക്ക് കൂടുതൽ വിശദമായി പറഞ്ഞു കൊടുത്തു (15:12–20).

**വാക്യം 10. പുരുഷാരത്തിൽ യേശുവിനു** ചുറ്റും ഉണ്ടായിരുന്നവരിൽ, പലരും 14:34–36-ൽ പറഞ്ഞവരായിരുന്നേക്കാം, അവർ അവന്റെ അത്ഭുതങ്ങൾ കണ്ടിട്ട്, തങ്ങളുടെ പ്രിയപ്പെട്ടവരെ സൗഖ്യമാക്കുവാൻ കൊണ്ടു വന്നിരിക്കുകയാണ്. അവർ ഒരുപക്ഷെ അടുത്തു നിന്നു യേശുവും മതാദ്ധ്യക്ഷന്മാരും തമ്മിലുള്ള വാദം ശ്രദ്ധിച്ചിരിക്കാം. അവൻ അദ്ധ്യക്ഷന്മാരോട് പറഞ്ഞത് കൂടുതൽ വിശദമായി ശിഷ്യന്മാരെ അടുക്കെ **വിളിച്ചു** പറഞ്ഞു കൊടുത്തു. അവരുടെ വിശാലമായ പാരമ്പര്യത്തെ സംബന്ധിച്ച് യേശു മറുപടി പറയുക മാത്രമാണ് ചെയ്തത് (15:2). ഈ സന്ദർഭത്തിൽ യേശു അവരുടെ കൈകഴുകൽ ചടങ്ങിയനെയാണ് കൈകാര്യം ചെയ്തത് (15:2).

"ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുക" എന്ന് യേശു പറയുന്ന രീതിയാണ്, **കേട്ടു ഗ്രഹിച്ചുകൊൾവിൻ** എന്നത് (11:15; 13:9; 43). അവന്റെ വാക്കുകൾ സമയ-ബന്ധിതമായ പാരമ്പര്യാചാരമായ ഭക്ഷിക്കുന്നതിനു മുൻപ് കൈകഴുകണം എന്നത് വൈപരീത്യമുളവാക്കുന്നതാകയാൽ, അവന്റെ ഉപദേശം പലർക്കും മനസിലാക്കുവാനോ സ്വീകരിപ്പാനോ കഴിഞ്ഞില്ല.

**വാക്യം 11.** യേശു പറഞ്ഞു, "**വായിക്കകത്ത് കടക്കുന്നതല്ല മനുഷ്യനെ അശുദ്ധമാക്കുന്നത്, വായിൽനിന്നു പുറത്തുകടക്കുന്നതാണ്.**" "ഉപമയിൽ" (15:15) ഒരാൾ എങ്ങനെ ദൈവസന്നിധിയിൽ അശുദ്ധമാകുന്നു എന്നാണ് കർത്താവ് വിശദമാക്കുന്നത്. ശാസ്ത്രിമാരുടേയും പരീശന്മാരുടേയും പാരമ്പര്യവിശ്വാസത്തെ അവൻ തള്ളിക്കളഞ്ഞു, അവർ പറയുന്നത് *ആചാരപരമായ* അശുദ്ധിയെയാണ്. ഒരു മനുഷ്യൻ അകത്തേക്ക് ഭക്ഷിക്കുന്നത് ഒന്നും അവനെ *ആത്മിയമായി* അശുദ്ധനാക്കുന്നില്ല എന്നായിരുന്നു അവന്റെ ഉപദേശം. വിശുദ്ധി എന്നത് പുറമെനിന്നും അകത്തു പ്രവേശിക്കുന്നതല്ല, മറിച്ച് ഉള്ളിൽനിന്നു പുറത്തു കടക്കുന്നതാണ് (23:25–28). ദോഷം പുറപ്പെടുന്നത് ഹൃദയത്തിൽനിന്നാണ്, ഒരാളുടെ സംസാരത്തിൽകൂടെ അതു പുറത്തു വരുന്നു (12:34, 35; 15:19, 20; എഫെ. 4:29; യാക്കൊ. 3:6).

**വാക്യം 12.** ആ **പ്രസ്താവന പരീശന്മാർക്ക് ഇടർച്ചയായി, ശിഷ്യന്മാർ** യേശുവിനെ സമീപിച്ചു. "ഇടറി" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സ്കാൻഡലി*

*സോ*) "പാപത്തിനു കാരണമാകുക" എന്ന അർത്ഥത്തിലാണ് അടിക്കടി തർജിമ ചെയ്തിരിക്കുന്നത്. എങ്ങനെയായാലും, ഇവിടെ ആ വാക്ക്, "കുഴങ്ങി," "ഭ്രമിച്ചു," "കോപിച്ചു" എന്നെല്ലാമാണ് അർത്ഥം വരുന്നത്. അതിനു മുൻപുള്ള വാക്യങ്ങളിൽ യേശു പറഞ്ഞ പലതും പരീശന്മാർക്ക് ഇടർച്ചയായിരുന്നു. "ഈ പ്രസ്താവന" എന്ന് ഈ സന്ദർഭത്തിൽ പറഞ്ഞിരിക്കുന്നത് വാക്യം 11 ലേതാണ്. അവരുടെ സൂക്ഷ്മതയുള്ള കൈകഴുകൽ ചടങ്ങിന്, ആത്മിയമായി, യാതൊരു പ്രാധാന്യവുമില്ലായിരുന്നു. ഈ പരിശീലനം - അവർക്ക് വലിയ അഹങ്കാരമാണ് ഉണ്ടാക്കിയത് - പക്ഷെ അത് ഊർജവും സമയവും പാഴാക്കുന്നതായിരുന്നു. അവരുടെ മതം ആന്തരിക വിശുദ്ധിയേക്കാൾ ബാഹ്യമായ വിശുദ്ധിക്കാണ് ഊന്നൽ നൽകിയത്. അവരുടെ പാരമ്പര്യത്തെ അവമതിച്ചതിലൂടെ യേശു പരീശന്മാരുടെ അധികാരത്തെയാണ് നിഷ്പ്രഭമാക്കിയത്.

ആ അദ്ധ്യക്ഷന്മാരുടെ പ്രതികരണത്തെ ഓർത്ത് വിഷമിച്ച ശിഷ്യന്മാർക്ക് അവരുടെ ആത്മിയ പക്വതയില്ലായ്മ ബോധ്യമായി. രാഷ്ട്രീയ തിരുത്തലിനെ കുറിച്ച് യേശു വിചാരപ്പെട്ടിരുന്നില്ല. തന്റെ വാക്കുകൾ പരീശന്മാർക്ക് ഇടർച്ചയായിരിക്കും എന്ന് യേശുവിന് അറിയാമായിരുന്നു. സത്യം ചിലപ്പോൾ വേദനിപ്പിക്കും; വാസ്തവത്തിൽ, അത് പലപ്പോഴും ആളുകൾക്ക് ഇടർച്ചയായിരിക്കും. സത്യം എല്ലായ്പോഴും സ്നേഹത്തിൽ സംസാരിക്കണം (എഫെ. 4:15), എന്നാൽ രക്ഷയുടെ സത്യം പറഞ്ഞിരിക്കണം, അല്ലെങ്കിൽ വലിയ അപകടം നേരിടും (1 തിമൊ. 2:4).

**വാക്യം 13.** ശിഷ്യന്മാർ വിചാരപ്പെട്ടതിനോട് യേശു പ്രതികരിച്ചു പറഞ്ഞു, "**എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും.**" ആ പ്രസ്താവനയുടെ അന്തസത്ത എന്തെന്നാൽ, പിതാവിൽനിന്നുത്ഭവിക്കാത്തതൊന്നും നിലനിൽക്കുകയില്ല എന്നതാണ്. "എന്റെ സ്വർഗസ്ഥ പിതാവ്" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് പിതാവും യേശുവും തമ്മിലുള്ള ഏറ്റവും അടുത്ത ബന്ധമാണ് (18:35 നോക്കുക). ആ ബന്ധം കാരണം, യേശുവിന് യെഹൂദാദ്ധ്യക്ഷന്മാരെ കുറിച്ച് ആധികാരികമായി സംസാരിക്കുവാൻ കഴിഞ്ഞു (7:28, 29 നോക്കുക).

"തൈ ഒക്കെയും" എന്നു പറഞ്ഞിരിക്കുന്നത് പരീശന്മാർ പഠിപ്പിച്ച ദുരുപദേശങ്ങളായിരുന്നു. മനുഷ്യ - നിർമ്മിതമായ പാരമ്പര്യങ്ങളെല്ലാം ദൈവം നട്ടിട്ടില്ലാത്ത തൈ ആയിരുന്നു. ദൈവത്തിന്റെ സത്യത്താൽ അവയെല്ലാം പറിഞ്ഞു പോകും, കാരണം അവന്റെ സത്യം എന്നേക്കും നിലനിൽക്കുന്നതാണ്. യേശുവിന്റെ ശുശ്രൂഷയാലാണ് നിത്യസത്യം വെളിപ്പെടുത്തിയത്.

മറ്റൊരു സാധ്യത എന്തെന്നാൽ, "പരീശന്മാരെ" ഉദ്ദേശിച്ചായിരിക്കാം "തൈ ഒക്കെയും" എന്നു പറഞ്ഞത്, കാരണം അവരാണ് ദൈവത്തിന്റെ സത്യത്തിന് പകരം പാരമ്പര്യം സ്വീകരിച്ചത്. പഴയനിയമത്തിൽ അവൻ "നട്ടിരിക്കുന്ന" "തൈ" എന്നു പറഞ്ഞിരിക്കുന്നത് ദൈവജനത്തെയായിരുന്നു (യെശ. 5:2, 7; 60:21; 61:3; യെഹെ. 17:22, 23). യിരെമ്യാവിന്റെ പുസ്തകത്തിൽ നടീലും പിഴുതുകളയലും വിവരിക്കുന്നു (യിരെ. 1:10; 2:21; 11:17; 12:2; 18:7, 9; 24:6; 31:28; 32:41; 42:10; 45:4). "തൈ ഒക്കെയും" എന്നു പറഞ്ഞിരിക്കുന്നത് പരീശന്മാരാണെങ്കിൽ, "പിഴുതു കളയുന്നത്" അവരുടെ അഭിപ്രായങ്ങളെയാണ് (3:7-12; 13:24-30, 36-43). ഒരർത്ഥത്തിൽ ആ രണ്ടു കാഴ്ച്ചപ്പാടുകളും ഉൾപ്പെടുന്നു.

**വാക്യം 14.** ശിഷ്യന്മാർക്കുള്ള യേശുവിന്റെ മുന്നറിയിപ്പ് ഇതായിരുന്നു:

**“അവരെ വിടുക.”** പരീശന്മാരുടെ താൽപര്യത്തെ ശിഷ്യന്മാർ സംരക്ഷിക്കേണ്ട ആവശ്യമില്ല (15:12). അവർ ആ മതപുരുഷന്മാരിൽനിന്നകന്ന് നിൽക്കണമായിരുന്നു. ഇവർക്ക് നൽകുവാനായി അവരുടെ പക്കൽ ഒന്നുമില്ലായിരുന്നു. പിന്നീട് യേശു അവരോട് “പരീശന്മാരുടെ പുളിച്ച വീഞ്ഞിനെ” കുറിച്ച് സംസാരിച്ചു, അതായത്, അവരുടെ ഉപദേശങ്ങൾ (16:11, 12). പരീശന്മാർക്ക് യെഹൂദന്മാരിൽ ചെലുത്തുവാൻ കഴിയുന്ന വലിയ സ്വാധീനം നിമിത്തമായിരുന്നു യേശു ശിഷ്യന്മാരെ മുന്നറിയിച്ചത് (യോഹ. 7:13; 9:22; 12:42; 19:38, 39).

തങ്ങൾ ആത്മിയ ഇരുട്ടിലുള്ളവർക്ക് അഥവാ “കുരുടന്മാർക്ക് വഴികാട്ടികളാണ്” എന്നായിരുന്നു പരീശന്മാർ അവരെ കുറിച്ചു വിചാരിച്ചിരുന്നത് (റോമർ. 2:19). അവരുടെ പ്രസ്താവന എടുത്ത് യേശു പറഞ്ഞത്, **അവർ കുരുടന്മാരായ വഴികാട്ടികൾ** എന്നാണ് (23:16:24; യോഹ. 9:39, 40 നോക്കുക). പാലസ്തീനിൽ ഒന്നാം നൂറ്റാണ്ടിൽ കണ്ണുരോഗം ധാരാളമായി കാണപ്പെട്ടിരുന്നതിനാൽ, കുരുടന്മാരെ കാണുന്നത് സാധാരണയായിരുന്നു.[21] തൽഫലമായി, അവർക്ക് ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്ക് പോകുവാൻ വഴികാട്ടികളുടെ സഹായം ആവശ്യമായിരുന്നു. എങ്ങനെയായാലും, ഒരു കുരുടൻ മറ്റൊരു കുരുടനെ വഴികാണിക്കുന്നത് വലിയ അപകടം വരുത്തും, കാരണം **രണ്ടുപേരും കുഴിയിൽ വീഴും** (ലൂക്കൊ. 6:39). പരീശന്മാർക്ക് തന്നെ സത്യം അറിയില്ലായിരുന്നു, ആയതിനാൽ അവർ നാശത്തിലേക്കായിരുന്നു ആളുകളെ നയിച്ചിരുന്നത്. ഒരു ദുരുപദേഷ്ടാവ് ആളുകളെ നയിച്ചാൽ, ഉപദേഷ്ടാവ് ശിക്ഷിക്കപ്പെടും, എന്നാൽ പിൻപറ്റുന്നവരെ ശിക്ഷിക്കുകയില്ല എന്നാണ് ചിലർ വിശ്വസിക്കുന്നത്. സത്യം സ്വീകരിക്കുവാനുള്ള ഉത്തരവാദിത്തം ദുരുപദേശഷ്ടാവിനും പിൻപറ്റുന്നവർക്കുമുണ്ടെന്നാണ് യേശു പറഞ്ഞത്.

**വാക്യം 15. പത്രൊസ് അവനോട് പറഞ്ഞു, “ഉപമ ഞങ്ങൾക്ക് വിശദമാക്കി തരേണമേ.”** പല സന്ദർഭങ്ങളിലും ശിഷ്യന്മാർക്ക് വേണ്ടി പത്രൊസ് സംസാരിക്കുന്നതായി കാണാം (14:28 ന്റെ പരാമർശം നോക്കുക). പിഴുതു കളയുന്ന തൈയ്യുടെ ഭാവനയെ കുറിച്ചായിരുന്നോ പത്രൊസ് സംസാരിച്ചത് (15:13) അതോ കുരുടൻ കുരുടനെ വഴി കാട്ടുന്നതിനെ കുറിച്ചായിരുന്നോ (15:14)? യേശുവിന്റെ പ്രതികരണം (15:16–20) സൂചിപ്പിക്കുന്നത്, പത്രൊസിന്റെ സംശയം മുൻപിലത്തെ പ്രസ്താവനയെ കുറിച്ചാണെന്ന് തോന്നുന്നു: “മനുഷ്യനെ അശുദ്ധമാക്കുന്നത് വയറ്റിനകത്തേക്ക് പ്രവേശിക്കുന്നതല്ല, പിന്നെയോ, വയറ്റിൽനിന്നു പുറത്തുവരുന്നതാണ്” (15:11). ഇവിടെ “ഉപമ” എന്നു പറഞ്ഞിരിക്കുന്ന വാക്ക് (*പാരാബോൾ*) നിഗൂഢതക്ക് വേണ്ടി നിലകൊണ്ട് സംസാരിക്കുന്നു. ശിഷ്യന്മാരുമായി തനിച്ചിരിക്കുമ്പോഴായിരുന്നു യേശു പലപ്പോഴും ഉപമകൾ അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തത് (13:36; മർ. 4:34).

**വാക്യം 16.** കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു, ‘‘**നിങ്ങളും ഇന്നുവരെ ബോധമില്ലാത്തവരോ?”** അത്രയും കാലം അവർ യേശുവിനോടുകൂടെ ഇരിക്കുകയാലും അവന്റെ ജീവിതശൈലിയും ഉപദേശവും കേട്ടതിനാലും അവരുടെ മനസിലാക്കുവാനുള്ള കഴിവ് വർദ്ധിച്ചിരിക്കണമായിരുന്നു. യേശുവിന്റെ ചോദ്യത്തിൽ, ശിഷ്യന്മാരുടെ ആത്മിയ വിവേചനമില്ലായ്മയാണോ അതോ സൗമ്യമായ ശാസനയാണോ കാണുന്നത്? അവനുണ്ടായ നിരാശ കണക്കിലെടുക്കാതെ, യേശു അവർക്ക് ഉപമയുടെ അർത്ഥം വിശദമാക്കി കൊടുത്തു.

**വാക്യം 17.** ആദ്യം യേശു ഉപമയിലെ ആദ്യ വരി വിവരിച്ചു പറഞ്ഞു:

"വായ്ക്കകത്തു കടക്കുന്നതല്ല മനുഷ്യനെ അശുദ്ധമാക്കുന്നത്" (15:11). ആ സമയത്ത് അവൻ അവരോട് ചോദിച്ചു, "**വായിക്കകത്ത് കടക്കുന്നത് എല്ലാം വയറ്റിൽ ചെന്നിട്ട് മറപ്പുരയിൽ പോകുന്നു എന്നു ഗ്രഹിക്കുന്നില്ലയോ?**" പരീശന്മാരുടെ കൈകഴുകൽ പാരമ്പര്യം ഭൗതികമായ ആചാരമാണ്. കൈ കഴുകാതെ ഭക്ഷിക്കുന്ന ആഹാരം "വായിൽ" നിന്നു "വയറ്റിൽ" പ്രവേശിക്കുന്നു, പിന്നെ ദഹിക്കയും, മനുഷ്യരുടെ പാഴ് വസ്തുവായി "പുറത്തേക്ക് പോകുകയും ചെയ്യും." ഗ്രീക്ക് വേദപുസ്തകം പറയുന്നത് അത് (*അഫ്രെഡ്രോനിലേക്ക്*), അതായത് "മറപ്പുരയിലേക്ക്" പോകുന്നു (ജെഎൻടി). ഒരാൾ കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നത് അയാളുടെ ഹൃദയത്തെ ബാധിക്കുന്നില്ല എന്നാണ് കർത്താവ് പറഞ്ഞത് (മർ. 7:18).

**വാക്യം 18.** അടുത്ത പരാമർശത്തോടുകൂടെ, യേശു തന്റെ ഉപമയുടെ രണ്ടാമത്തെ വരിയിലേക്ക് കടന്നു: "മനുഷ്യന്റെ വായിൽനിന്നു പുറത്തുവരുന്നതത്രെ അവനെ അശുദ്ധമാക്കുന്നത്." (15:11). ഒരാൾ സംസാരിക്കുന്ന വാക്കുകൾ അയാളുടെ **ഹൃദയത്തിൽനിന്നാണ് വരുന്നത്**, അവയാണ് അവനെ ആത്മിയമായി അശുദ്ധനാക്കുന്നത്. ഒരാളുടെ ആന്തരിക ജീവിതത്തിന്റെ കേന്ദ്രമാണ് "ഹൃദയം" (*കാർഡിയാ*); അത് ഒരു വ്യക്തിയുടെ, വിചാരവും, മനസാക്ഷിയും, ഇഛയുമാണ് (5:8; 6:21 ന്റെ പരാമർശം നോക്കുക). മുൻപ്, മത്തായിയിൽ, യേശു ഈ വാക്കുകളാൽ പരീശന്മാരെ ശാസിച്ചിരുന്നു: "സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടന്മാരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും? ഹൃദയം നിറഞ്ഞു കവിയുന്നതല്ലൊ വായ് സംസാരിക്കുന്നത്" (12:34). ഒരാളുടെ ഹൃദയം ശുദ്ധമാണെങ്കിൽ, അയാളുടെ വായിൽനിന്നു വരുന്ന വാക്കുകളും ശുദ്ധമായിരിക്കും. അവന്റെ ഹൃദയം ദോഷമുള്ളതാണെങ്കിൽ, വായിൽനിന്നു പുറപ്പെടുന്നത് ദോഷമുള്ളതായിരിക്കും.

**വാക്യം 19. ദുശ്ചിന്ത** ഒഴിച്ച് **ഹൃദയത്തിൽനിന്നു** പുറപ്പെടുന്ന മറ്റു ദുഷ്ടതകളെയും യേശു തുടർന്നു എടുത്തു പറയുന്നു. തുടർന്നു അവൻ പത്തു കൽപനകളിലെ രണ്ടാം ഭാഗത്തിലേക്ക് കടന്നു - സഹ - മനുഷ്യരോടുള്ള ബന്ധം അന്യോന്യം എങ്ങനെയായിരിക്കണം എന്നു പറയുന്നു: **കുലപാതകികൾ, വ്യഭിചാരിണികൾ, ദുർന്നടപ്പുകാർ, കള്ളന്മാർ, കള്ളസാക്ഷികൾ, ദൂഷണക്കാർ** (പുറ 20:13-16).[22] ഇതേ പാപങ്ങൾ പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങളിലും പറയുന്നു (1 കൊ. 6:9, 10; വെളി. 9:21; 21:8; 22:15). പാപം ഹൃദയത്തിൽനിന്നാണ് ഉത്ഭവിക്കുന്നതെന്ന് യേശു തന്റെ മലപ്രസംഗത്തിൽ പഠിപ്പിച്ചിരിക്കുന്നു (5:21-48).

**വാക്യം 20.** യേശു തന്റെ ശിഷ്യന്മാരോടുള്ള വിശദീകരണം അവസാനിപ്പിച്ചു പറഞ്ഞു, "**മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രെ; കഴുകാത്ത കൈകൊണ്ട് ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല**." വാസ്തവത്തിലുള്ള വിശുദ്ധി ആത്മിയമാണ്; അതിൽ ഒരാളുടെ ഹൃദയം ഉൾപ്പെട്ടിരിക്കുന്നു - വിചാരങ്ങളും, വികാരങ്ങളും, മനസാക്ഷിയും, ഇഛയും അടങ്ങിയിരിക്കുന്നു. ഈ വിലയിരുത്തൽ പരീശന്മാരുടെ ആചാര ശുദ്ധീകരണത്തിൽനിന്നു വ്യത്യസ്തമാണ്. കൈകഴുകാതെ ഭക്ഷിക്കുന്നതിനെ സംബന്ധിച്ച് യേശു പറയുന്നത്, പരീശന്മാർ ആദ്യം ശിഷ്യന്മാരെ 15:2-ൽ ആരോപിക്കുന്നതിലേക്ക് മടങ്ങി വരികയാണ്, മത്തായിയുടെ വിവരണം ഒരു യൂണിറ്റ് ചിന്തകൾ നൽകുന്നു (15:1-20).[23]

## പാഠങ്ങൾ

**സ്വർഗത്തിലേക്കുള്ള മാർഗ തടസം (അദ്ധ്യാ 15)**

ഇന്നത്തെ ലോകത്തിന്റെ ചിന്താധാരയെ നാം ഒഴിവാക്കുകയും സ്വർഗ ത്തിലേക്ക് പോകുന്നതിനു തടസമായി നിൽക്കുന്നതിനെ നീക്കം ചെയ്യുകയും വേണം. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

1. *മനുഷ്യരുടെ സമ്പ്രദായങ്ങൾ* (15:1-9). ദൈവേഷ്ടത്തിനു നിരക്കാത്ത എല്ലാ മനുഷ്യ സമ്പ്രദായങ്ങളേയും നാം തള്ളിക്കളയണം. ആരാധനക്കും, ദൈവസേവനത്തിനും ഉള്ള ഏക അധികാരം അവന്റെ വചനമാണ് ("ദൈവം അരുളിച്ചെയ്തിരിക്കുന്നത് ..."). യേശു ശാസ്ത്രിമാരോടും പരീശന്മാരോടും പ റഞ്ഞു, "നിങ്ങൾ പറയുന്നു ..." (15:4, 5). "അവരുടെ സമ്പ്രദായങ്ങൾ നിമിത്തം അവർ ദൈവവചനത്തെ ദുർബ്ബലമാക്കുന്നു" (15:6). യെശയ്യാവിന്റെ വാക്കുകൾ ഉദ്ധരിച്ച് യേശു പറഞ്ഞു, "മാനുഷ കൽപനകളായ ഉപദേശങ്ങളെ അവർ പ ഠിപ്പിക്കുന്നതുകൊണ്ട്, അവർ എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (15:9).

2. *ദുരുപദേഷ്ടാക്കന്മാർ* (15:12-14). യേശു പറഞ്ഞു, "സ്വർഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞുപോകും" (15:13). "കുരുടന്മാരായ വഴികാട്ടികളെ" കുറിച്ചും അവൻ പറഞ്ഞു (15:14). തിരുവെഴുത്തടിസ്ഥാനത്തിലല്ലാത്ത പ്രചാരത്തിലിരിക്കുന്ന വിശ്വാസങ്ങളെ ദൈവ വചനത്തിനു തുല്യമാണെന്ന് നാം ഒരിക്കലും കരുതരുത്.

3. *അശുദ്ധ ജീവിതം* (15:10, 11, 17-20). യേശു പഠിപ്പിച്ചു, "വായിൽനിന്നു പു റത്തു വരുന്നതാണ് മനുഷ്യനെ അശുദ്ധമാക്കുന്നത്" (15:11); "വായിൽനിന്നു പുറപ്പെടുന്നതോ, ഹൃദയത്തിൽനിന്നു വരുന്നു, അതു മനുഷ്യനെ അശുദ്ധമാ ക്കുന്നു" (15:18). പിന്നെ അവൻ, മോശമായ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന പാ പങ്ങളുടെ ഒരു ലിസ്റ്റ് നൽകിയിരിക്കുന്നു: "ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ" (15:19).

4. *അൽപ വിശ്വാസം* (15:21-28). കനാന്യ സ്ത്രീ അനുഗ്രഹിക്കപ്പെടുവാൻ കാരണം അവളുടെ വിശ്വാസവും മകളോടുള്ള സ്നേഹവും നിമിത്തമായിരു ന്നു. അവളുടെ വിശ്വാസം "വലിയത്" എന്ന അഭിനന്ദനം അവൾക്ക് ലഭിച്ചു (15:28). അതിനു വിപരീതമായി യെഹൂദന്മാരിൽ പലരും യേശുവിന്റെ ഉപ ദേശത്തേയും അത്ഭുതങ്ങളെയും തള്ളിക്കളഞ്ഞു. ചില സമയത്ത് അവന്റെ ശിഷ്യന്മാരും "അൽപ വിശ്വാസം" ഉള്ളവരായി തീർന്നിരുന്നു (6:30; 8:26; 14:31; 16:8; 17:20).

5. *നമ്മുടെ സങ്കീർണ്ണമായ ജീവിത വഴി* (15:32-39). ആളുകൾ മൂന്നു ദി വസം ആഹാരമോ സുഖസൗകര്യമോ ഇല്ലാതെ യേശുവിനെ ശ്രവിച്ചിരുന്നു. അവർ ആത്മിയമായ ആഹാരത്തിനായി വിശപ്പും ദാഹവും ഉള്ളവരായിരുന്നു. യേശുവിനെ പിൻപറ്റുന്നതിൽനിന്നു നമ്മെ തടസപ്പെടുത്തുന്നതെന്താണ്? നാം എളുപ്പത്തിൽ ലോകത്തിന്റെ ലക്ഷ്യത്തിലേക്കും താൽപര്യത്തിലേക്കും തിരി ഞ്ഞേക്കാം.

**സമ്പ്രദായം (15:1-9)**

അറിയപ്പെട്ട ചരിത്രകാരനും തത്വചിന്തകനുമായിരുന്ന വിൽ ഡുറാന്റ് ഒരിക്കൽ എഴുതി, "കാലത്തിന്റെ ശബ്ദമാണ് സമ്പ്രദായം, കാലം എന്നത് തിരഞ്ഞെടുക്കുന്ന മാദ്ധ്യമമാണ്; ശ്രദ്ധിക്കുന്ന മനസ് അവയുടെ തീർപ്പ് ആദ

രിക്കും, കാരണം ഇരുപതു നൂറ്റാണ്ടിനേക്കാൾ യുവത്വം മാത്രമാണ് അറിയുന്നത്."[24]

സത്യവും സമ്പ്രദായവും തമ്മിലുള്ള എതിർപ്പിന് വളരെ-പഴക്കമുള്ളതായി മത്തായി 15:1-9 എടുത്തു കാണിക്കുന്നു. യേശു ദൈവിക സത്യത്തെ കുറിച്ചു വിചാരപ്പെട്ടപ്പോൾ, അവന്റെ ശത്രുക്കൾ വിചാരപ്പെട്ടത് മനുഷ്യ-നിർമ്മിത സമ്പ്രദായങ്ങളെ കുറിച്ചായിരുന്നു. എന്നിരുന്നാലും, ആചാരപരമായ കൈകഴുകലിനെ അവൻ ഖണ്ഡിച്ചപ്പോൾ, എല്ലാ സമ്പ്രദായങ്ങളേയും അവൻ ഖണ്ഡിച്ചില്ല എന്നോർക്കുക. ബൈബിൾ രേഖയനുസരിച്ച്, യേശു ചുരുങ്ങിയത് മൂന്നു പെസഹ എങ്കിലും ആചരിച്ചിരുന്നു. ശബ്ബത്തിൽ പള്ളിയിൽ പോകുന്നത് "അവന്റെ പതിവായിരുന്നു" (ലൂക്കൊ 4:16). അവൻ യെരുശലേമിനു സമീപത്തായിരുന്നപ്പോൾ, ദൈവാലയത്തിൽ പോയിരുന്നു. അവയെല്ലാം ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നവയല്ലേ എന്നു ചോദിച്ചേക്കാം, അതു ശരിയാണ്, എങ്കിലും അവയെല്ലാം മതപരമായ സമ്പ്രദായങ്ങൾ ആയിരുന്നുവല്ലോ.

എല്ലാ സമ്പ്രദായങ്ങളും നമുക്ക് തള്ളിക്കളയാവുന്നതല്ല. ദൈവം നൽകിയവ തീർച്ചയായും നാം പാലിക്കണം (1 കൊ. 11:2; 2 തെസ്സ. 2:15; 3:6). മനുഷ്യ-നിർമ്മിതമായവയിൽ ചിലത്, കെട്ടപ്പെട്ടിട്ടില്ലെങ്കിലും, സൂക്ഷിക്കുന്നത് നല്ലതാണ്. അങ്ങനെയുള്ള പാരമ്പര്യം പഴഞ്ചനാണെന്ന് പറഞ്ഞു തള്ളിക്കളയാവുന്നതല്ല.

സമ്പ്രദായം ആചരിക്കുന്നതല്ല തെറ്റ്; പിന്നെയോ മനുഷ്യ സമ്പ്രദായങ്ങളെ നിയമമാക്കുകയും, അവ അനുസരിക്കുവാനായി ദൈവം-നൽകിയ പരിശീലനങ്ങളെ ഒഴിവാക്കുകയും ചെയ്യുന്നതാണ് തെറ്റ്. ദൈവ കൽപനകളേക്കാൾ പ്രാധാന്യം സമ്പ്രദായങ്ങൾക്കുണ്ടെന്ന പരീശന്മാരുടെ വിശ്വാസത്തെയാണ് യേശു 15:1-9-ൽ ഖണ്ഡിച്ചത്. ആളുകൾ അങ്ങനെ ചെയ്യുമ്പോൾ, അവർ കുറ്റമുള്ളവരാകുന്നു.

**കൈ കഴുകൽ (15:2, 11)**

ഇന്നു നാം അണുക്കളെ കുറിച്ച് ബോധവാന്മാരാണ്, അതുകൊണ്ട് ആഹാരത്തിനു മുൻപ് കൈ കഴുകുന്നത് ബുദ്ധിപരമായ പ്രവൃത്തിയാണ്. യേശു കൈ കഴുകിയിട്ട് ആഹാരം കഴിക്കുന്നതിനേയോ, അങ്ങനെ ചെയ്താൽ രോഗം വരികയില്ല എന്നോ അല്ല അവൻ പറഞ്ഞതിന്റെ അർത്ഥം. വ്യക്തിപരമായ വൃത്തിയേക്കാൾ യെഹൂദാചാരമായ വിശുദ്ധീകരണത്തെ ആണ് അവിടെ പ്രതിപാദിക്കുന്നത്.

**വ്യർത്ഥമായ ആരാധന (15:7-9)**

നമ്മുടെ അധര സേവയല്ല, ദൈവം നമ്മുടെ ഹൃദയമാണ് ആവശ്യപ്പെടുന്നത് (റോമർ. 10:9, 10). നാം അവനെ ഹൃദയപൂർവ്വം സേവിക്കുവാനും (22:37), ഹൃദയത്തിൽനിന്നു പാട്ടു പാടുവാനും (കൊലൊ. 3:16), ഹൃദയപൂർവ്വം അനുസരിക്കുവാനും (എഫെ. 6:6), ഹൃദയത്തിൽനിന്നു നൽകുവാനും (2 കോ. 9:7), ആണ് ദൈവം ആഗ്രഹിക്കുന്നത്. "ആത്മാവിലും സത്യത്തിലുമുള്ള നമസ്ക്കാരം" ഹൃദയത്തിൽനിന്നു വേണം വരുവാൻ (യോഹ. 4:23, 24).

സത്യാരാധനയിൽനിന്നു വിരുദ്ധമായി, ചില മതപരമായ പ്രവൃത്തികളെ യേശു "വ്യർത്ഥം" എന്നു പറഞ്ഞിരിക്കുന്നു. ദൈവത്തെ നാം എങ്ങനെ ആരാധിച്ചാലും കുഴപ്പമില്ല എന്നു ചിലർ ഇന്നു വിശ്വസിക്കുന്നുണ്ട്. ആരാധി

ക്കുമ്പോൾ, നാം എന്തു നൽകിയാലും സ്വീകരിക്കുന്ന കരുണയും ദയയുമു ള്ളവനാണ് ദൈവം എന്ന കാഴ്ച്ചപ്പാടാണ് അവർക്കുള്ളത്. എന്നാൽ അതല്ല സത്യം (മലാ. 1:7–9).

പ്രത്യേകമായി, ആ കപടഭക്തിക്കാരുടെ ഭജന “വൃഥാവായിരുന്നു” (“പ്ര യോജനമില്ലാത്തത്”; “അർത്ഥശൂന്യം”) കാരണം “അവർ മനുഷ്യ-നിർമ്മിത മായ ഉപദേശങ്ങളെയാണ് പഠിപ്പിച്ചിരുന്നത്” (15:9). ദൈവവചനത്തെ മറിക ടക്കുവാൻ അനുവദിക്കുന്ന ധാരാളം മനുഷ്യ-നിർമ്മിത ഉപദേശങ്ങൾ ഇന്ന് വ്യാപകമാണ്. അത്തരം ദുരുപദേശങ്ങൾ പഠിപ്പിക്കുന്നവരുടെ ആരാധന ദൈവസന്നിധിയിൽ വ്യർത്ഥമാണ്.

**നമസ്ക്കാരം (15:7-9)**

“നമസ്ക്കാരം” എന്നത് “സ്നേഹത്തോടുകൂടിയ ആദരവും, ദൈവത്തോ ടുള്ള ധ്യാനവും; ബഹുമാനവുമാണ്.”[25] മനുഷ്യരിൽ-അല്ല, ദൈവത്തിൽ കേന്ദ്രീകരിക്കുന്നതാണ് ആരാധന എന്നു നിർവ്വചിക്കാം. പിതാവായ ദൈവവും അവന്റെ പുത്രനും നമുക്ക് ചെയ്തു കഴിഞ്ഞതിനും ചെയ്തുകൊണ്ടിരിക്കുന്ന തിനും പുകഴ്ച്ച അർപ്പിക്കുന്നതാണ് ആരാധന. “പിതാവേ, നിനക്ക് സ്തോത്രം” എന്നും “യേശുവേ നിനക്കു സ്തോത്രം” എന്നും “നീ എത്ര നല്ലവൻ” എന്നും പറയുവാനുള്ള അവസരമാണ് അത്. നമുക്ക് നന്നായി എന്നു തോന്നുന്നതിനു വേണ്ടിയുള്ളതല്ല ആരാധന. ദൈവം പ്രസാദിക്കുന്ന സത്യത്തിലുള്ള ആരാധന, ആരാധകനിൽ സ്നേഹവും, സന്തോഷവും, സമാധാനവും നിറയും; എന്നാൽ അവ നാം ആത്മിയമായി ധ്യാനിക്കുന്നതിന്റെ ഫലമായി-ലഭിക്കുന്നതാണ്.

നാം ആത്മാർത്ഥതയുള്ളവരാണെങ്കിൽ, സഭായോഗത്തിൽ എങ്ങനെ ആരാധിച്ചാലും കുഴപ്പമില്ല എന്നു വിശ്വസിക്കുന്നവർ അനവധിയുണ്ട്. ആരാ ധനയിൽ ആളുകൾക്ക് നാടൻ പാട്ടോ, ജാസ് സംഗീതമോ, അല്ലെങ്കിൽ മറ്റേ തെങ്കിലും തരത്തിലുള്ള സംഗീതമോ ഉപയോഗിച്ചാലും കുഴുപ്പമില്ല എന്നു കരുതുന്നു. വേണമെങ്കിൽ, ഏകാംഗ ഗാനമോ, ക്വാർട്ടെറ്റ്സോ, ക്വയറോ ഉപ യോഗിക്കുന്നതിലും തെറ്റില്ല എന്നാണ് അവർ കരുതുന്നത്. ആരാധനയിൽ, വലിയ ഉപകരണങ്ങളോ ചെറിയ ഉപകരണങ്ങളോ ഉപയോഗിച്ച് പാട്ടു പാ ടുന്നതിൽ തെറ്റില്ല എന്നാണ് അവരുടെ പക്ഷം. പ്രസംഗത്തിനു പകരം ഒരു നാടകം അവതരിപ്പിച്ചാലും കുഴപ്പമില്ല എന്നു കരുതുന്നവരുണ്ട്. ആരാധന വിനോദമല്ല! അതു ആളുകളെ സന്തോഷിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമല്ല; അതു ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ളതാണ്.

ആരാധനക്കായി ദൈവത്തിന് എപ്പോഴും ഒരു പദ്ധതിയുണ്ടായിരുന്നു. ഇന്ന് ദൈവത്തിന് അങ്ങനെ ഒരു പദ്ധതി ഇല്ല എന്നു വിചാരിക്കുന്നത് തിരു വചന വിരുദ്ധവും അയോഗ്യവുമാണ്. തനിക്ക് എന്തു യാഗമർപ്പിക്കണമെന്ന് ദൈവം തീർച്ചയായും കയീനോടും ഹാബേലിനോടും പറഞ്ഞിരിക്കണം (എബ്രാ. 11:4). ഹാബേൽ അത് അനുസരിച്ചു, എന്നാൽ കയീൻ തന്റെ സ്വന്ത ഇഷ്ടമനുസരിച്ച് യാഗമർപ്പിച്ചു. ദൈവം ഹാബേലിന്റെ യാഗം സ്വീകരിക്കയും കയീന്റേത് നിരാകരിക്കുകയും ചെയ്തു (ഉല്. 4:3–7). അഹരോന്റെ മക്കളായി രുന്ന നാദാബും, അബീഹൂവും (പുറ. 24:9, 10) “യഹോവ കൽപിച്ചിട്ടില്ലാത്ത അന്യാഗ്നി” ഉപയോഗിച്ചതുകൊണ്ട്, സ്വർഗത്തിൽ നിന്നു തീ ഇറങ്ങി അവരെ “ദഹിപ്പിച്ചു” കളഞ്ഞു (ലേവ്യ. 10:1, 2). യാഗ പീഠത്തിലെ-അഗ്നി എടുത്താണ് ധൂപവർഗത്തിൽ തീ കൊടുക്കേണ്ടത്, എന്നാൽ അവർ അതല്ല, അന്യാഗ്നിയാണ്

എടുത്തതെന്ന് എല്ലാ പണ്ഡിതന്മാരും സമ്മതിക്കുന്നു. അത് എന്തായാലും, "അന്യാഗ്നി" എന്നാൽ ദൈവം തന്റെ പദ്ധതി അനുസരിച്ചുള്ള മോശെയുടെ പ്രമാണത്തിലെ ആരാധനയുടെ ഭാഗമായി ഉൾപ്പെടുത്താത്തതായിരുന്നു; നാദാബും അബീഹൂവും തങ്ങളുടെ അനുസരണക്കേടിനു വലിയ വില കൊടുത്തു. ആരംഭത്തിൽ ക്രിസ്ത്യാനികൾ എങ്ങനെ ആരാധിച്ചിരുന്നു എന്നതിന്റെ ആധികാരികമായ അപ്പൊസ്തലിക മാതൃക നമുക്ക് ഉണ്ട് (പ്രവൃ. 2:42; 20:7; 1 കൊ. 11:20–34; 14:15; 16:2). ദൈവശ്വാസിയ മനുഷ്യരാൽ നയിക്കപ്പെട്ട സഭ ദൈവത്തെ ആരാധിച്ചിരുന്നത്, കർത്തൃദിവസത്തിൽ പാട്ട് പാടിയും, പ്രാർത്ഥിച്ചും, ധർമ്മശേഖരം നടത്തിയും, കർത്തൃമേശ ആചരിച്ചും, ദൈവവചന സന്ദേശം കേട്ടും ആയിരുന്നു എങ്കിൽ, ആ മാതൃക മാറ്റുവാൻ നമുക്ക് എന്ത് അധികാരമാണുള്ളത്?

യേശു പറഞ്ഞു "സത്യനമസ്ക്കാരികൾ ... [ദൈവത്തെ] സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹ. 4:23, 24). "സത്യത്തിൽ" ആരാധിക്കുക എന്നാൽ ദൈവ വചനപ്രകാരം എന്നാണ് അർത്ഥം, ദൈവവചനമാണ് സത്യം (യോഹ. 17:17). "ആത്മാവിൽ" നമസ്കരിക്കുക എന്നാൽ (ആന്തരിക വ്യക്തിയിൽനിന്ന്).[26] ബാഹ്യമായ ചലനങ്ങൾ മാത്രം പോരാ (മലാ. 1:6–14). നമുക്ക് എങ്ങനെ ആത്മാവിൽ നമസ്കരിക്കുവാൻ കഴിയും? ഒന്നാമത് നമ്മുടെ ചിന്തകൾ ദൈവത്തിൽ കേന്ദ്രീകരിക്കണം. രണ്ടാമത്, പഠിപ്പിച്ച സത്യത്തെ നാം ധ്യാനിക്കണം. മൂന്നാമത്, ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള ഒരു അഭിവാഞ്ഛ ഉണ്ടായിരിക്കണം. നല്ല രീതിയിൽ പാടുവാനോ അല്ലെങ്കിൽ പ്രാർത്ഥിക്കുവാനോ ഉള്ള കഴിവ് നമുക്ക് ഇല്ല എന്ന ഒഴികഴിവുണ്ടായിരിക്കാം. എന്നാൽ ആത്മാർത്ഥതയില്ലാതിരിക്കുന്നതിന് ഒഴികഴിവില്ല.

തെറ്റായതും, സ്വേച്ഛപ്രകാരമുള്ളതും, വ്യർഥാവായതും, സ്വയമായതുമായ ആരാധന ദൈവം വിലക്കിയിരിക്കുന്നു. തീർച്ചയായും എല്ലാ ആരാധനയും ദൈവം സ്വീകരിക്കയില്ല. ആരാധനാ വസ്തു ദൈവമല്ലാതിരിക്കുമ്പോൾ, നമ്മുടെ നിലവാരമനുസരിച്ച് ആരാധിക്കുമ്പോൾ, നമ്മുടെ ഏറ്റവും നല്ലത് നാം ദൈവത്തിന് കൊടുക്കാതിരിക്കുമ്പോൾ, അവൻ ആവശ്യപ്പെടുന്നത് ചെയ്യുന്നതിൽ നാം പരാജയപ്പെടുമ്പോൾ, അല്ലെങ്കിൽ ദൈവം കൽപിച്ചിട്ടില്ലാത്ത വിധത്തിൽ നാം ആരാധിക്കുമ്പോൾ, ആ ആരാധന ദൈവം സ്വീകരിക്കുകയില്ല.

**നാം ആരെയാണ് കേൾക്കേണ്ടത്? (15:12-14)**

പല യെഹൂദന്മാരും മികച്ചവരെന്നു കരുതിയിരുന്ന പരീശന്മാരുടെ അഭിപ്രായങ്ങളെ കുറിച്ച് യേശുവിന്റെ ശിഷ്യന്മാർ അമിതാവേശത്തോടെ കരുതി. എന്നിരുന്നാലും യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "അവരെ വിടുക; അവർ കുരുടന്മാരായ വഴികാട്ടികൾ" (15:14). ആ ദുരുപദേഷ്ടാക്കന്മാരെ പിൻപറ്റുന്നത് നാശത്തിനായിരിക്കും. ഇന്ന്, നാമും ദുരുപദേഷ്ടാക്കന്മാരെ സൂക്ഷിക്കുകയും, അവർ ഉപദേശിക്കുന്നത് ദൈവ വചനത്താൽ പരിശോധിക്കുകയും വേണം. ക്രിസ്തീയ വിശ്വാസത്തിനുള്ള ഏക നിലവാരം അതു മാത്രമാണ്.

ഡേവിഡ് സ്റ്റുവർട്ട്

കുറിപ്പുകൾ

1ആന്റിയോക്കസ് IV (തന്നെ "എപ്പിഫാനെസ്" എന്നു വിളിച്ചിരുന്നു, അർത്ഥം "ദ മാനിഫെസ്റ്റ് ഗോഡ്"), അയാൾ ബി. സി. രണ്ടാം നൂറ്റാണ്ടിൽ സെലൂസിഡ് സാമ്രാജ്യം വാണിരുന്നു. പാലസ്തീൻ കീഴടക്കുവാനുള്ള അവന്റെ പ്രവൃത്തികൾ യെഹൂദ ന്മാർക്ക് ഇടർച്ച നേരിടുകയും മെക്കാബിയൻ പ്രക്ഷോഭം പൊട്ടിപ്പുറപ്പെടുകയും ചെയ്തു. [2]ഡേവിഡ് ഹിൽ, *ദ ഗോസ്പെൽ ഓഫ് മാത്യു*, ദ ന്യു സെഞ്ചുരി ബൈബിൾ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1972), 250. [3]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 389. [4]മിഷ്നാ *അബോത്* 1.1. [5]ഇബിഡ്. [6]റോബർട്ട് എച്ച്. മൗൺസ്, *മാത്യു*, ന്യു ഇന്റർനാഷ്ണൽ ബിബിളിക്കൽ കമെന്ററി (പീബഡി, മാസ്.: ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1991), 148. [7]ജോസെഫസ് *ആന്റികിറ്റിസ്* 13.10.6. (എംഫസിസ് ആഡഡ്). [8]"തോറയിലെ ഉപദേശത്തേക്കാൾ കാർക്കശ്യമായിരുന്നു ശാസ്ത്രിമാരുടെ ഉപദേശത്തിന് നൽകിയിരുന്നതു" (മിഷ്നാ *സാൻഹാദ്രിൻ* 11.3; നോക്കുക താൽമൂദ് *അബോദാ സാരാഹ്* 35എ; *എരൂബിൻ* 21ബി). [9]മോറിസ്, 391. [10]മിഷ്നാ *യാദെയിൻ* 2.3.

[11]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്സ് കമെന്ററി* വാല്യം. 1, മാത്യു, മർക്ക്, ലൂക്ക്, എഡി., ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 95. ഒരു റബ്ബി പറഞ്ഞു, "അഴുക്കുള്ള ഒരാൾക്ക് ദൈവാലയശുശ്രൂഷ ചെയ്യുവാൻ യോഗ്യതയില്ലാത്തതുപോലെ, അഴുക്കുള്ള കയ്യോടുകൂടെ ഒരാൾക്ക് കൃപ പറയുവാനും യോഗ്യതയില്ല" (താൽമൂദ് *ബെരാകോത്* 53ബി). [12]താൽമൂദ് *കിദൂശിൻ* 31ബി; ജെറുശലേം താൽമൂദ് *കിദൂശിൻ* 1.7. [13]മിഷ്നാ *നിദാരിം* 5.6. [14]വിൽക്കിൻസ്, 96. [15]മിഷ്നാ *നെദാരിം* 9.1. [16]ഹിൽ, 251. [17]വാല്യം ഹെൻഡ്രിക്സൺ, *ന്യുടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 614. [19]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു,* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 412. [20]ജാക് പി. ലേവിസ്, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* പാർട്ട് 2. ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 25.

[21]മോറിസ്, 396-97. [22]"പരസംഗം" എന്നതു "വ്യഭിചാരം" എന്നതിനോടും "ദൂഷണം" എന്നത് "കള്ളസാക്ഷ്യത്തോടും" ചേർത്തു പറഞ്ഞിരിക്കുന്നു. [23]ഹിൽ, 252. [24]വിൽ ഡുറാന്റ്, *ദ സ്റ്റോറി ഓഫ് സിവിലൈസേഷൻ, വാല്യം 3, സീസർ ആന്റ് ക്രൈസ്റ്റ്* (ന്യു യോർക്ക്: ശിമോൻ ആന്റ് സ്ക്കസ്റ്റെർ, 1944, 1972), 295. [25]അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി, 4 ത് എഡി. (2001), എസ്. വി."വർഷിപ്" [26]യോഹന്നാൻ 4 ലെ സത്യാരാധനക്ക് ഊന്നൽ കൊടുത്തിരിക്കുന്നത് പ്രത്യേക *സ്ഥലമായ* (യെരുശലേമിനോ അല്ലെങ്കിൽ ഗെരാസിം പർവ്വതത്തിനോ) ആയിരുന്നില്ല, എന്നാൽ അത് നടക്കേണ്ടത് ഒരു *വ്യക്തി* മൂലമായിരുന്നു (യേശു ക്രിസ്തു). അവൻ മുഖാന്തരം മാത്രമെ, സത്യത്തിലുള്ള ആരാധന നടക്കുന്നുള്ളു (യോഹ. 14:6, 13, 14; 16:23, 24; എഫെ. 5:19, 20; കൊലൊ. 3:16, 17).